**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് - പനന്തറ കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2426/2019/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 01/11/2019

---

പരാമർശം:- 1) ശൂരനാട് തെക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/4/2018 ലെ നം.എസ്.4-7475/16 നമ്പർ കത്ത്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/05/2019 ലെ 4.17 നമ്പർ തീരുമാനം.

3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 17/7/2018 ലെ നം.എം.1-8634/18(1) നമ്പർ കത്ത്.

4) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/06/2019 ലെ തീരുമാനം നമ്പർ 4.18.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് കോയിക്കൽ ചന്ത കുടിവെള്ള പദ്ധതിയുടെ പേര് മാറ്റി പനന്തറ കുടിവെള്ള പദ്ധതിയായി അംഗീകരിച്ച് നിർവ്വഹണം നടത്തുന്നതിന് പരാമർശം 1 പ്രകാരം ശൂരനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. ആയത് 23/5/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും 4.17 നമ്പർ തീരുമാനപ്രകാരം ഈ പ്രോജക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച് ഒന്നിലധികം കേസുകൾ ബഹു. ഹൈക്കോടതിൽ നിലനിൽക്കുന്നതിനാൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് പട്ടികജാതി വികസന ഡയരക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ശാസ്താംകോട്ട ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർ പനന്തറ കോളനിയിൽ മാത്രം പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള ഫീസിബിലിറ്റി നൽകിയതായും നിലവിൽ കേസുകൾ ഒന്നും കോടതിയിൽ നിലവിലില്ല എന്നും പനന്തറ കോളനി കുടിവെള്ള പദ്ധതി പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ് എന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം പരാമർശം 4 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 20/06/2019 ൽ പരിഗണിച്ചു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 4 ലെ 4.18 നമ്പർ തീരുമാനപ്രകാരം, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ,ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ച പ്രദേശമായ പനന്തറ കോളനിയിൽ പ്രോജക്റ്റ് നടപ്പാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്, കൊല്ലം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ